**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5742** **24-03-2025 - ൽ മറുപടിയ്ക്ക്**

**മാലിന്യ സംസ്കരണത്തിലെ പോരായ്മ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യ സംസ്കരണത്തിലെ പോരായ്മ പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | മാലിന്യ സംസ്കരണത്തിലെ പോരായ്മ പരിഹരിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**1. ശാസ്ത്രീയ മാലിന്യ സംസ്കരണം**<br><br>മാലിന്യമുക്തം നവകേരളം എന്ന ലക്ഷ്യത്തിൽ വലിയ പങ്കുവഹിക്കുന്ന ഹരിതകർമ്മസേനയുടെ സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• വാതിൽപ്പടി ശേഖരണത്തിലൂടെ അജൈവ പാഴ്വസ്തുക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ച യൂസർഫീ ഈടാക്കി ശേഖരിക്കുന്നു.<br>• പാഴ്വസ്തുക്കളിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ഹരിതസംരംഭങ്ങളിലൂടെ അധിക വരുമാന സാധ്യത കണ്ടെത്തുക.<br>• ഉറവിടത്തിൽ നിന്ന് ശേഖരിച്ച് മിനി മെറ്റീരിയൽ കളക്ഷൻ കേന്ദ്രത്തിൽ സ്റ്റോർ ചെയ്യുന്ന പാഴ് വസ്തുക്കൾ അവിടെ നിന്ന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിച്ച്, എൽ.ഇ.ഡി ബൾബ്, ട്യൂബ്, പി.വി.സി. സ്റ്റീൽ, ചില്ലുകുപ്പികൾ, കുപ്പിയുടെ അടപ്പുകൾ, സ്പ്രേ കുപ്പികൾ തുടങ്ങിയ വിവിധ വിഭാഗങ്ങളായി തരംതിരിക്കുന്നു. പുനരുപയോഗം സാധ്യമാവുന്ന പ്ലാസ്റ്റിക് മാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകൃത ഏജൻസികൾ മുഖാന്തിരം മാലിന്യം സംസ്കരിക്കുന്ന /പുനഃ ചംക്രമണം നടത്തുന്ന ,സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കമ്പനികൾക്ക് കൈമാറുന്നു. |

- മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള ബോധവൽക്കരണം.
- വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കാൻ കഴിയുന്ന കംപോസ്റ്റിംഗ് സംവിധാനങ്ങളെക്കുറിച്ച് മാർഗനിർദ്ദേശം നൽകുക, ഉപകരണങ്ങൾ ലഭ്യമാക്കുക.
- ജൈവകൃഷി, പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ നിർമ്മാണം, പരിസ്ഥിതി സൗഹൃദ ഉപകരണങ്ങൾ വാടകക്ക് നൽകുക

**2. ഡിജിറ്റൽ മാലിന്യ സംസ്കരണം**

വാതിൽപ്പടി ശേഖരണം ഉൾപ്പെടെയുള്ള ഹരിതകർമ്മസേനയുടെ സേവനങ്ങളുടെ മേൽനോട്ടം ഉറപ്പാക്കുന്നതിനായി ഹരിതകേരളം മിഷനും ശുചിത്വമിഷനും ചേർന്ന് 'ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം' അഥവ 'ഹരിതമിത്രം ആപ്പ്' പുറത്തിറക്കിയിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം, സേനാംഗങ്ങളുടെ സേവനം ലഭ്യമാകുന്ന വീടുകളുടേയും സ്ഥാപനങ്ങളുടേയും എണ്ണം, ശേഖരിച്ച പാഴ് വസ്തുക്കളുടെ അളവ്, എം.സി.എഫ്-ൽ തരംതിരിക്കുന്നവയുടെ അളവ്, ഓരോ എം.സി.എഫ്. / ആർ.ആർ.എഫ്-കളിലും സംഭരിച്ച് സൂക്ഷിക്കുന്നവയുടേയും നീക്കം ചെയ്യുന്നവയുടെയും അളവ്, ലഭിക്കുന്ന യൂസർ ഫീ തുക, ശേഖരിച്ച പാഴ്വസ്തുക്കളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന തുക തുടങ്ങിയ വിശദാംശങ്ങൾ ആപ്പിലൂടെ ലഭ്യമാകും.

**3. നവകേരളം കർമ്മപദ്ധതി**

കാലാവസ്ഥ വ്യതിയാനം, പകർച്ചവ്യാധി വ്യാപനം, ആരോഗ്യപ്രശ്നങ്ങൾ എന്നിവക്ക് കാരണമാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ച് സാധ്യമായ രീതികളിലെല്ലാം പരിസ്ഥിതി പുനഃസ്ഥാപനം സാധ്യമാക്കുന്നതിന് നവകേരളം രണ്ടാംഘട്ടം മുൻഗണന നൽകുന്നു. അതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഖരമാലിന്യ സമാഹരണവും സംസ്കരണവും നൂറ് ശതമാനത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി 42 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വപദവി നേടുകയും അയ്യായിരത്തോളം ഓഫീസുകൾ ഹരിതചട്ടം പാലിച്ച് ഗ്രീൻ ഓഫീസുകളായി മാറ്റപ്പെടുകയും വാതിൽപ്പടി ശേഖരണത്തിലൂടെ അജൈവമാലിന്യം ശേഖരിക്കുന്ന വീടുകളുടെ എണ്ണത്തിൽ ഒരു ലക്ഷത്തോളം വർദ്ധനവുണ്ടാകുകയും ചെയ്തു.

| | | | |
|---|---|---|---|
| | | | **4. വലിച്ചെറിയൽ മുക്ത കേരളം ക്യാമ്പയിൻ**<br><br>ഗാർഹിക, ബയോമെഡിക്കൽ / സാനിറ്ററി മാലിന്യപരിപാലനം, കോഴി അറവുമാലിന്യ പരിപാലനം, കെട്ടിടനിർമ്മാണം, പൊളിക്കൽ മാലിന്യപരിപാലനം, പരമ്പരാഗത മാലിന്യക്കൂമ്പാരങ്ങളുടെ നിർമ്മാർജ്ജനം, ജലാശയങ്ങളിൽ ഒഴുകിനടക്കുന്ന ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള പദ്ധതി എന്നീ മേഖലകളിലും പ്രവർത്തനം വ്യാപകമാക്കി. ടൂറിസം മേഖലയിലും ക്രിയാത്മക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ക്ലീൻ മൂന്നാർ ഗ്രീൻ മൂന്നാർ, ശംഖുമുഖം കടൽത്തീര ശുചീകരണം എന്നിവയാണ് ഇതിൽ പ്രാധാനം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ ക്യാമ്പയിനായി വലിച്ചെറിയൽ മുക്ത കേരളം നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഖരമാലിന്യ ശേഖരണം, സംഭരണ സംവിധാനം ഉറപ്പാക്കി 4 ഘട്ടങ്ങളിലാണ് ക്യാമ്പയിൻ ചിട്ടപ്പെടുത്തിയിരിക്കുന്നത്.<br>ശാസ്ത്രീയമായ രീതിയിൽ സംസ്ഥാനത്തെ നഗരങ്ങളിലെ ഖരമാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് ലോകബാങ്കിന്റെയും ഏഷ്യാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും ധനസഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യൂ.എം.പി )ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഖരമാലിന്യം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഖരമാലിന്യ സമാഹരണവും സംസ്കരണവും നൂറ് ശതമാനത്തിലെത്തിക്കാനുള്ള പ്രവർത്തനമാണ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യം ഉറവിടത്തിൽ വച്ചുതന്നെ ജൈവം അജൈവം എന്നിങ്ങനെ രണ്ടായി തിരിക്കുന്നു. വീടുകളിൽ വൃത്തിയാക്കി സൂക്ഷിച്ചിട്ടുള്ള അജൈവ പാഴ്വസ്തുക്കൾ കൃത്യമായ ഇടവേളകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ച യൂസർഫീ ഈടാക്കി കൊണ്ട് ഹരിതകർമ്മ സേനവഴി ശേഖരിച്ച് മിനി മെറ്റീരിയൽ കളക്ഷൻ കേന്ദ്രത്തിൽ (മിനി എം.സി.എഫ്.) എത്തിക്കുകയും അവിടെ നിന്ന് മെറ്റീരിയൽ കളക്ഷൻ കേന്ദ്രത്തിലേക്ക് (എം.സി.എഫ്.) കൊണ്ടുപോകുകയും ചെയ്യുന്നു. ഇവിടെ വച്ച് എൽ.ഇ.ഡി. ബൾബ്, ട്യൂബ്, പി.വി.സി, സ്റ്റീൽ, ചില്ലുകുപ്പികൾ, കുപ്പിയുടെ അടപ്പുകൾ, സ്പ്രേ കുപ്പികൾ തുടങ്ങിയ പാഴ്വസ്തുക്കളെ വിവിധ വിഭാഗങ്ങളായി തരംതിരിക്കുകയും പുനരുപയോഗ സാധ്യമാവുന്ന പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ്ഡിങ് യൂണിറ്റുകളിൽ എത്തിച്ച് ചെറുതരികളാക്കി പെല്ലറ്റ് രൂപത്തിലോ ലംപ്സ് രൂപത്തിലോ ആക്കി ഇത് |

| | | | |
|---|---|---|---|
| | | | അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന കമ്പനികൾക്ക് കൈമാറുന്നു. പുനഃചംക്രമണത്തിനുതകാത്ത പ്ലാസ്റ്റിക് മാലിന്യം റിസോഴ്സ് റിക്കവറി കേന്ദ്രത്തിലേക്ക് അയക്കുകയും ചെറുതരികളാക്കി റോഡുനിർമ്മാണത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു. ഇതുവഴി ഇത്തരം പ്ലാസ്റ്റിക്കിന്റെ പുനഃചംക്രമണം സാധ്യമാക്കുന്നു. കലോറിഫിക് മൂല്യം കൂടുതലുള്ള അജൈവ പാഴ് വസ്തുക്കൾ പ്രോസസ്സിംഗ് ഫെസിലിറ്റിയിലേക്ക് കൈമാറുന്നു. പുന:ചംക്രമണത്തിന് സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ സിമന്റ് ഫാക്ടറികളിലെ ചൂളകളിൽ ഇന്ധനമായി ഉപയോഗിക്കുന്നതിനായി കൈമാറുന്നു. ശാസ്ത്രീയ മാലിന്യ സംസ്കരണം വലിയ തോതിൽ പുരോഗമിക്കുമ്പോഴും വലിച്ചെറിയൽ ശീലം ഉപേക്ഷിക്കാൻ ജനങ്ങൾ ഇപ്പോഴും തയ്യാറായിട്ടില്ലാത്ത സാഹചര്യത്തിൽ വിപുലമായ ബോധവത്കരണ പരിപാടികൾ രൂപം നൽകിയിട്ടുണ്ട് . സുസ്ഥിരമായ ശുചിത്വ പരിപാലനം ലക്ഷ്യമിട്ട് ക്യാമറാ നിരീക്ഷണം ശക്തമാക്കൽ, മാലിന്യം നിക്ഷേപിക്കാൻ ബിന്നുകൾ വ്യാപകമായി സ്ഥാപിക്കൽ, ബിന്നുകളിലെ മാലിന്യം കൃത്യമായി ശേഖരിച്ച് സംസ്കരിക്കുക തുടങ്ങിയവ ഉറപ്പുവരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അറവുശാലകളിലെ അവശിഷ്ടം ഉൾപ്പെടെയുള്ള ഖരമാലിന്യം പൊതുവഴിയിൽ തള്ളുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുവാൻ വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | ഇല്ല.<br><br>കേരള പഞ്ചായത്ത് രാജ് ആക്ട് 2024-ലെ ഭേദഗതി സെക്ഷൻ 219 എൻ, കേരള മുനിസിപ്പാലിറ്റി ആക്ട് 2024-ലെ ഭേദഗതി സെക്ഷൻ 340 എന്നിവ പ്രകാരം മാലിന്യം നിക്ഷേപിക്കുന്നതിന് ഉദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിലൊഴികെ തെരുവിലോ ഓടയിലോ പൊതുസ്ഥലത്തോ യാതൊരാളും ഏതെങ്കിലും മാലിന്യം വലിച്ചെറിയുകയോ കത്തിക്കുകയോ കുഴിച്ചു മൂടുകയോ അല്ലെങ്കിൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് കാരണമാവുകയോ ചെയ്യാൻ പാടില്ലാത്തതാണ് എന്നും ടി വ്യവസ്ഥകൾ ഏതെങ്കിലും ആൾ ലംഘിച്ചുവെന്ന് ബോധ്യപ്പെട്ടാൽ, പ്രസ്തുത ലംഘനത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് സെക്രട്ടറിക്കോ സെക്രട്ടറി ഈ ആവശ്യത്തിലേക്കായി പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അത്തരം ആളുടെ മേൽ തൽസമയം അയ്യായിരം രൂപവരെയാകാവുന്ന പിഴ ചുമത്താവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി നിയമം പ്രകാരം നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബാധ്യസ്ഥരാണ്. |

| | | | |
|---|---|---|---|
| | | | സ.ഉ.(സാധാ)നം.673/2023/LSGD തീയതി 21.03.2023 ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനവും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ